**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **703** **13.06.2012**-ൽ മറുപടിക്ക്

## പൊന്നാനി താലൂക്ക് ജി.എച്ച്.ക്യു ആശുപത്രി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ശ്രീരാമകൃഷ്ണൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി താലൂക്ക് ജി.എച്ച്.ക്യൂ. ആശുപത്രിയിൽ ജനറൽ മെഡിസിൻ-ജൂനിയർ കൺസൾട്ടന്റ് ഇല്ലാത്തതുമൂലം തീരദേശമേഖലയിലെ ആളുകൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി) എങ്കിൽ കൺസൾട്ടന്റ് തസ്തികയിൽ ഡോക്ടറെ നിയമിക്കാനും, ജൂനിയർ കൺസൾട്ടന്റ് തസ്തിക സൃഷ്ടിക്കുന്നതിനോ, പീഡിയാട്രിക്സ് വിഭാഗത്തിൽ നിലവിലുള്ള 3 ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒരെണ്ണം ജനറൽ മെഡിസിൻ ജൂനിയർ കൺസൾട്ടന്റ് തസ്തികയാക്കി മാറ്റുന്നതിനോ ഉള്ള അടിയന്തിര നടപടി സ്വീകരിക്കാമോ; | ബി) കൺസൾട്ടന്റ് തസ്തിക പ്രമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. എന്നിരുന്നാലും മെഡിസിനിൽ ബിരുദമുള്ള ഒരു ഡോക്ടർക്ക് ഇപ്പോൾ താൽക്കാലിക ചുമതല നൽകിയിട്ടുണ്ട്. |
| (സി) താലൂക്ക് ആശുപത്രിയോട് ചേർന്ന് നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | സി) പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ